# ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

CIN:U01119KL1962SGC001997/GST: 32AAACT7596H2Z2
മണ്ണാർക്കാട് എസ്റ്റേറ്റ്
ഫോൺ: 04924 222264 Email: mannarghatestate@gmail.com

MGT/SAL -32/321 **പുനർ ദർഘാസ് / ലേല നോട്ടീസ്** 03.12.2018

## കുരുമുളക് ദർഘാസ് / ലേലം

പ്ലാന്റേഷൻ കോർപ്പറേഷൻ വക മണ്ണാർക്കാട് എസ്റ്റേറ്റിൽ വിവിധ ഡിവിഷനുകളിലായി നിൽക്കുന്ന കുരുമുളക് ചെടികളിൽ നിന്നും 2018-2019 സീസണിലെ വിളവെടുപ്പിനുള്ള അവകാശം താഴെ കാണിച്ചിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് ദർഘാസ് / ലേലം മുഖേന വിൽക്കുന്നതിനായുള്ള പുനർ ദർഘാസ് / ലേല പരസ്യം.

## ദർഘാസ് / ലേലത്തിന്റെ നടപടിക്രമം

2018 December 18 ...ചൊവ്വ... രാവിലെ 11.00 AM മണ്ണാർക്കാട് എസ്റ്റേറ്റ് ഓഫീസിൽ വച്ച് ലേലം നടത്തുന്നതും ലേലത്തെ തുടർന്ന് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതുമാണ്.

## വ്യവസ്ഥകൾ

1. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മണ്ണാർക്കാട് എസ്റ്റേറ്റിൽ നിന്നുള്ള ദർഘാസ്/ലേല വ്യവസ്ഥകൾ കൈപ്പറ്റേണ്ടതും അതിലെ വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്ന രസീതും നൽകേണ്ടതാണ്.
2. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആയതിനുമുമ്പായി അതാതു ബ്ലോക്കുകളിലെ കുരുമുളക് ചെടികളിൽ നിന്നും കിട്ടാവുന്ന ഉല്പന്നത്തിന്റെ അളവ്, മേന്മ, ബ്ലോക്കിന്റെ വിസ്തൃതി, അതിര് എന്നിവയെക്കുറിച്ച് മനസ്സിലാക്കിയിരിക്കേണ്ടതാണ്. ബ്ലോക്കിന്റെ അതിർത്തിയെപ്പറ്റിയോ, ഇതുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളെപ്പറ്റിയോ എന്തെങ്കിലും തർക്കമുണ്ടായാൽ പ്രസ്തുത തോട്ടം മാനേജരുടെ തീരുമാനം അന്തിമമായിരിക്കുന്നതും, ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
3. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർ 10000 രൂപാ ഇ.എം.ഡി യായി ദർഘാസ്/ലേലത്തിന് മുമ്പായി അടയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞ ഇ.എം.ഡി അടച്ചവർ മാത്രമെ ദർഘാസിലും ലേലത്തിലും പങ്കെടുക്കുവാൻ പാടുള്ളൂ.
4. ദർഘാസ്/ലേലത്തിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്തയാൾ മൊത്തം തുകയുടെ മൂന്നിലൊന്ന് തുകയോ, 3 ലക്ഷം രൂപയോ ഏതാണോ കുറവ് അത് കെട്ടിവയ്ക്കേണ്ടതാണ്. പ്രസ്തുത വ്യക്തിയുടെ ഇ.എം.ഡി തുക ഇതിലേക്കായി വരവു വയ്ക്കുന്നതാണ്.
5. ദർഘാസ്/ലേലതുകയുടെ മൂന്നിലൊന്ന് അടച്ചിട്ടുണ്ടെങ്കിലും യാതൊരു കാരണവും കൂടാതെ ഏറ്റവും കൂടിയ ദർഘാസ് തുകയോ/ലേലതുകയോ തിരസ്കരിക്കാൻ കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. അത്തരം സാഹചര്യത്തിൽ പ്രസ്തുത വ്യക്തി അടച്ചിട്ടുള്ള മൊത്തം തുകയും മടക്കിക്കൊടുക്കുന്നതാണ്.
6. ദർഘാസ്/ലേലത്തിൽ വിജയിയാകുന്ന വ്യക്തി ലേലത്തിന്റെ സ്ഥിതീകരണ ഉത്തരവ് തീയ്യതി മുതൽ 10 ദിവസത്തിനകം ബാക്കി അടയ്ക്കേണ്ട മുഴുവൻ തുകയും ആകെ തുകയുടെ 10% കരുതൽ ധനവും (സെക്യൂരിറ്റി ഡിപ്പോസിറ്റ്) എസ്റ്റേറ്റ് ഓഫീസിൽ അടക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച കരാർ ഉടമ്പടി 200 രൂപാ മുദ്രപത്രത്തിൽ വക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം ആ വ്യക്തി കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ള മുഴുവൻ തുകയും കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതിനും പ്രസ്തുത വ്യക്തിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
7. മേൽപ്രകാരം മുഴുവൻ തുകയും അടച്ച് ഉടമ്പടി വച്ചശേഷം മാത്രമെ കുരുമുളക് വിളവെടുപ്പ് ജോലികൾ ആരംഭിക്കുവാൻ പാടുള്ളൂ.
8. വിളവെടുപ്പ് കരാറുകാരൻ സ്വന്തം ചിലവിൽ സംരക്ഷിച്ച് വിളവെടുക്കേണ്ടതും, കുരുമുളക് ചെടി മരത്തിൽ നിന്നും അടർത്തിമാറ്റുകയോ മറ്റ് നാശനഷ്ടങ്ങൾ ചെടികൾക്കോ തോട്ടത്തിലെ വസ്തുവകകൾക്കോ കരാറുകാരനിൽ നിന്നോ, കരാറുകാരന്റെ ഏജന്റിൽ നിന്നോ, തൊഴിലാളികളിൽ നിന്നോ ഉണ്ടാകാൻ പാടില്ലാത്തതും വിഘ്നം സംഭവിച്ചാൽ കോർപ്പറേഷൻ നിഗമനാടിസ്ഥാനത്തിൽ കരാറുകാരനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതുമായിരിക്കും.

9. പ്രകൃതിക്ഷോഭങ്ങൾ, വരൾച്ച, തീപിടുത്തം, കീടബാധ ഏതെങ്കിലും വിധത്തിലുള്ള പ്രതികൂലസമരങ്ങൾ മൂലമോ മറ്റേതെങ്കിലും കാരണങ്ങളാലോ കരാറുകാരനു നഷ്ടം സംഭവിച്ചാൽ ആയതിന് കോർപ്പറേഷന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുകയോ നഷ്ടപരിഹാരം നൽകുകയോ ചെയ്യുന്നതല്ല.
10. വിളവെടുപ്പ് കാലാവധി വർക്ക് ഓഡർ തീയ്യതി മുതൽ 2019 ഏപ്രിൽ 01 വരെയായിരിക്കും.
11. വിളവെടുപ്പ് കാലാവധി പൂർത്തിയാക്കി 15 ദിവസങ്ങൾക്കു ശേഷം ഡിവിഷൻ അധികാരിയിൽ നിന്നും കരാറുകാരന്റെ അപേക്ഷ പ്രകാരം വാങ്ങി ഹാജരാക്കുന്ന ബാധ്യതരഹിത രേഖയുടെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി തുക തിരികെ നൽകുന്നതായിരിക്കും.
12. ദർഘാസ്/ലേലത്തിന്റെ നടത്തിപ്പിനെപ്പറ്റിയോ ദർഘാസ്/ലേല വ്യവസ്ഥകളെപ്പറ്റിയോ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ ദർഘാസ്/ലേലം നടത്തുന്ന കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
13. ഏറ്റവും കൂടതൽ തുക വാഗ്ദാനം ചെയ്തിട്ടുള്ള ആൾ 5 ാം വകുപ്പനുസരിച്ചുള്ള തുക കെട്ടിവയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ അയാളുടെ ഇ.എം.ഡി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും അവശേഷിക്കുന്ന ദർഘാസിലോ/ലേലത്തിലോ പങ്കെടുക്കുവാൻ ടി ആൾക്ക് അർഹതയില്ലാത്തതുമാണ്. അങ്ങനെയുള്ള പുനർ ദർഘാസ്/ലേലം ചെയ്യുന്നതും തന്മൂലം കോർപ്പറേഷനുണ്ടായേക്കാവുന്ന കഷ്ട നഷ്ടങ്ങൾക്ക് പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കിന്നതുമാണ്.
14. കോർപ്പറേഷനിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ലേലാന്തര വാഗ്ദാനങ്ങൾ (Post offer) സ്വീകരിക്കുന്നതാണ്.
15. ഏറ്റവും കൂടതൽ തുകയ്ക്ക് ദർഘാസ്/ലേലം സമർപ്പിച്ച ആൾ വയ്ക്കേണ്ട ഉടമ്പടിയുടെ ഒരു കരട് പതിപ്പ് എസ്റ്റേറ്റ് ഓഫീസിൽ പരിശോധനയ്ക്കായി ലഭിക്കുന്നതാണ്. കൂടാതെ പോസ്റ്റ് ഓഫർ വയ്ക്കേണ്ട ഉടമ്പടിയുടെ ഒരു കരട് പകർപ്പും ലഭ്യമാണ്.
16. ദർഘാസ്/ലേലത്തുകയ്ക്ക് പുറമെ വിൽപ്പന നികുതി (GST 5%) കരാറുകാരൻ അടയ്ക്കേണ്ടതാണ്.
17. ടെണ്ടർ ഫോമിന് 105.00 രൂപാ (GST 5% ഉൾപ്പടെ) അടയ്ക്കേണ്ടതാണ്.
18. തോട്ടം മാനേജർക്കും അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ കൊണ്ടുപോകുന്ന വാഹനങ്ങൾ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതുമാണ്.
19. പാൻ കാർഡ് ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ അർഹതയുള്ളു.
20. ടെണ്ടർ പ്രകാരം കരാറുകാരന് ലഭിക്കുന്ന അവകാശം കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
21. യാതൊരു കാരണവും കാണിക്കാതെ ഏതൊരു ടെണ്ടറും/കോൺട്രാക്ടും, റദ്ദു ചെയ്യുന്നതിനോ, മാറ്റിവയ്ക്കുന്നതിനോ, നിർത്തിവയ്ക്കുന്നതിനോ ഉള്ള പരിപൂർണ്ണ അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതും അതിനെ ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
22. ഏതെങ്കിലും പ്രത്യേകസാഹചര്യത്തിൽ ഏതെങ്കിലും കരാർ കോർപ്പറേഷൻ റദ്ദു ചെയ്യുകയാണെങ്കിൽ അതുമൂലം യാതൊരു നഷ്ടപരിഹാരവും കോർപ്പറേഷൻ നൽകുന്നതല്ലാത്തതും നഷ്ടപരിഹാരത്തിന് അവകാശം ഉണ്ടായിരിക്കുവാൻ കരാറുകാരന് അവകാശമില്ലാത്തതുമാണ്.
23. കോർപ്പറേഷന്റെ മറ്റ് ടെണ്ടറുകളുടെ പൊതുവായ വ്യവസ്ഥകൾ ഈ ടെണ്ടറിനും ബാധകമായിരിക്കുന്നതാണ്.
24. കോർപ്പറേഷൻ കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ടതും പ്രസക്തവുമായ എല്ലാ വ്യവസ്ഥകളും ഈ ടെണ്ടറിനും ബാധകമാണ്.

മാനേജർ (I/C)
മണ്ണാർക്കാട് എസ്റ്റേറ്റ്

കോപ്പി

1. എല്ലാ ഡിവിഷനിലും
2. ചീമേനി,രാജപുരം, കാസറഗോഡ് ,നിലമ്പൂർ എസ്റ്റേറ്റുകൾ
3. സമീപ പഞ്ചായത്ത്, വില്ലേജ് ഓഫീസിലേക്കും.

Office of the Manager
Thenkara P.C
Mannarkkad-678 761
Mannarghat Cashew Estate